പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : *69.

28.09.2016-ൽ മറുപടിയ്ക്ക്

## എക്സൈസ് വകുപ്പ് ശക്തിപ്പെടുത്തുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ടി.എ.റഹീം:<br>ശ്രീ.ജെയിംസ് മാത്യൂ :<br>ശ്രീ.കെ.കുഞ്ഞിരാമൻ :<br>ശ്രീ.ഡി.കെ.മുരളി: | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പ മന്ത്രി) |
| (എ) എക്സൈസ് വകുപ്പ് ശക്തിപ്പെടുത്തുന്നതിനായി സ്വീകരിയ്ക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാം; വ്യക്തമാക്കാമോ; | (എ) എക്സൈസ് വകുപ്പ് ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി എക്സൈസ് എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തുക, ലൈസൻസ് ചെയ്ത സ്ഥാപനങ്ങളിലൂടെ ശുദ്ധമായ മദ്യം വിൽക്കുന്നു എന്ന് ഉറപ്പു വരുത്തുക, ചെക്ക് പോസ്റ്റുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തി എൻഫോഴ്സ്മെന്റ് പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുക, പുതിയവാഹനങ്ങൾ വാങ്ങി നൽകുക, എക്സൈസ് കമ്മീഷണറേറ്റിൽ ആരംഭിച്ച ഇ ഫയലിംഗ് സംവിധാനം താഴെതട്ടിലുള്ള ഓഫീസുകളിലേക്ക് വ്യാപിപ്പിക്കുക, സ്റ്റേറ്റ് എക്സൈസ് അക്കാദമിയിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക തുടങ്ങിയവയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ. മദ്യത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിലേക്കായി ഉത്തരമേഖല കേന്ദ്രീകരിച്ച് ഒരു മോബൈൽ ലാബ് ആരംഭിക്കുന്നതിനും എക്സൈസ് ചെക്ക് |

പോസ്റ്റുകളുടെ നവീകരണത്തിന് തെരഞ്ഞെടുത്ത 7 ചെക്ക്പോസ്റ്റുകളിൽ നിർമ്മിതി കേന്ദ്രം മുഖേന കണ്ടെയ്നർ മൊഡ്യൂൾ സ്ഥാപിക്കുന്നതിനും എക്സൈസ് വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തങ്ങൾക്കായി 6 വാഹനങ്ങൾ വാങ്ങുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. എക്സൈസ് ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ ഫലപ്രദവും കാര്യക്ഷമവുമായ പ്രവർത്തനങ്ങൾക്ക് എൻ.ഐ.സിയുടെ സഹായത്തോട് കൂടി ഒരു വെബ് ബെയ്സ്ഡ് ക്രൈ മാനേജ്മെന്റ് സോഫ്റ്റ് വെയർ നിർമ്മിക്കുന്നതിനും വ്യാജമദ്യത്തിനും മയക്കുമരുന്നിനുമെതിരെ പൊതുജനങ്ങളിൽ നിന്ന് വിവരം ശേഖരിക്കുന്നതിനായി എക്സൈസ് വകുപ്പിന് 155358 എന്ന ടോൾ ഫ്രീ കണക്ഷൻ ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ എക്സൈസ് ഉദ്യോഗസ്ഥർക്ക് കൂടുതൽ അധികാരങ്ങൾ നൽകുന്നതിന്റെ ഭാഗമായി അബ്കാരി നിയമത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിനും കുറ്റവാളികളുടെ മൊബൈൽ ഫോൺ വിളികളുടെ വിവരങ്ങൾ ലഭ്യമാക്കി കേസന്വേഷണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി കേരള സംസ്ഥാന എക്സൈസ് വകുപ്പിനെകൂടി ടെലികോം നിയമത്തിൽ നോട്ടിഫൈഡ് ഏജൻസിയായി ഉൾപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

| | | |
|---|---|---|
| (ബി) | ഇതിന്റെ ഭാഗമായി ചെക്ക് പോസ്റ്റുകളിൽ | (ബി) ചെക്ക് പോസ്റ്റുകൾ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഓഫീസ് |

| | | | |
|---|---|---|---|
| | സ്വീകരിയ്ക്കാനുദ്ദേശിക്കുന്ന നൂതന സംവിധാനങ്ങൾ എന്തെല്ലാം; വ്യക്തമാക്കാമോ; | | പ്രവർത്തിപ്പിക്കുന്നതിന് നടപ്പു സാമ്പത്തിക വർഷത്തെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി ചെക്ക്പോസ്റ്റുകളിൽ കണ്ടെയ്നർ മൊഡ്യൂളുകൾ, സിസി ടിവി, ക്യാമറ, വെയിംഗ് മെഷീനുകൾ, കമ്പ്യൂട്ടറുകൾ തുടങ്ങിയവ സ്ഥാപിക്കുന്നതിനും വാഹനപരിശോധന കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി മേജർ ചെക്ക്പോസ്റ്റുകളിൽ വെഹിക്കിൾ സ്കാനറുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് വിശദമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ 26.08.2016 തീയതിയിലെ സ.ഉ (കൈ) നമ്പർ 85/16/നി.വ പ്രകാരം എക്സൈസ് കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (സി) | എക്സൈസ് വകുപ്പിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിനായി ഒഴിഞ്ഞുകിടക്കുന്ന വിവിധ തസ്തികകളിൽ നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | എക്സൈസ് വകുപ്പിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിനായി ഒഴിഞ്ഞുകിടക്കുന്ന വിവിധ തസ്തികകളിൽ നിയമനം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ